"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ജാലിസാ ബീവി.എ., കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ജില്ലാ ആശുപത്രി, കൊല്ലം - ശൂന്യവേതനാവധിക്ക് ശേഷം സർവ്വീസിൽ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് ക്രമപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1520/2023/H&FWD തീയതി,തിരുവനന്തപുരം, 26-06-2023

പരാമർശം:-

1. സ.ഉ (സാധാ) നം.391/2019/ആകുവ തീയതി 16.02.2019.
2. സ.ഉ (സാധാ) നം.998/2019/ആകുവ തീയതി 29.04.2019.
3. സ.ഉ (സാധാ) നം.1890/2019/ആകുവ തീയതി 01.08.2019.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.11.2022, 28.01.2023 തീയതികളിലെ ഇ.എ1-57305/2022/ആവഡ നമ്പർ കത്തുകൾ.
5. ഡോ.ജാലിസാ ബീവിയുടെ 17.03.2023-ലെ അപേക്ഷ
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.04.2023-ലെ ഇ.എ1-6768/2023/ആവഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഡോ.ജാലിസാ ബീവി. എ. കൊല്ലം ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റായി ജോലി നോക്കി വരവേ 81 ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. പ്രസ്തുത കാലയളവിൽ പരാമർശം (1) ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ ടിയാൾ ജോലി നോക്കിയിരുന്ന ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയും തൊടുപുഴ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് തസ്തികയും പരസ്പരം സ്ഥാനമാറ്റം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 01.03.2019-ന് അവധികാലയളവ് പൂർത്തിയായതിന് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി ഡോ.ജാലിസാ ബീവി കൊല്ലം ജില്ലാ ആശുപത്രിയിൽ റിപ്പോർട്ട്

ചെയ്യുകയും, തസ്തിക സ്ഥാനമാറ്റം ചെയ്തു കാരണം ജോലിയിൽ തിരികെ പ്രവേശിക്കുവാൻ ഡോ.ജാലിസാ ബീവിക്ക് കഴിയാതെ വരികയും, പരാമർശം (2) ഉത്തരവ് പ്രകാരം ഡോ.ജാലിസാ ബീവിയെ തൊടുപുഴ ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ഒഴിവിൽ നിയമിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഡോ.ജാലിസാ ബീവി ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ഉത്തരവ് ലഭിക്കാതിരുന്നതിനാലാണ് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്തത് എന്ന് ഡോ.ജാലിസാ ബീവി ടിയാളുടെ പരാമർശം (5) അപേക്ഷ പ്രകാരം അറിയിച്ചിരുന്നു. പരാമർശം (3) ഉത്തരവ് പ്രകാരം ടിയാളെ ന്യൂറോളജി വിഭാഗം സൂപ്പർ സ്പെഷ്യാലിറ്റി തസ്തികയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമനം നൽകുകയും, ടി ഉത്തരവ് പ്രകാരം ഡോ.ജാലിസാ ബീവി 07.08.2019 പൂർവ്വാഹ്നത്തിൽ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും അന്നേ ദിവസം അപരാഹ്നത്തിൽ തന്നെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് പാലക്കാട് ജില്ലാ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ പ്രവേശിക്കുകയും ചെയ്തു.

2) ശൂന്യവേതനാവവധിക്കു ശേഷം തിരികെ എത്തിയ തീയതിയായ 01.03.2019 മുതൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചതിന് തൊട്ട് മുന്നേയുള്ള തീയതിയായ 06.08.2019 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി നൽകുന്നതിന് ഡോ.ജാലിസാ ബീവി അപേക്ഷ സമർപ്പിക്കുകയും. പ്രസ്തുത വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷ പരാമർശം (4) ലെ 15.11.2022 തിയതിയിലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12 (7) ലെ കുറിപ്പ് 4 പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ അവധി കഴിഞ്ഞോ അല്ലെങ്കിൽ മുൻനിയമന കാലാവധി കഴിഞ്ഞോ മടങ്ങിവരുമ്പോൾ അയാൾ റിപ്പോർട്ട് ചെയ്ത തീയതിക്കും ഡ്യൂട്ടിയിൽ ചാർജ്ജെടുത്ത തീയതിയ്ക്കും ഇടയ്ക്കുള്ള ഇടവേളയെ, ഉത്തരവ് കൈപ്പറ്റിയ തീയതിയ്ക്കും അയാൾ ഡ്യൂട്ടി ഏറ്റെടുത്ത തീയതിയ്ക്കും ഇടയ്ക്കുള്ള ഇടവേള യാതൊരുസംഗതിയിലും കെ.എസ്.ആർ ഭാഗം I ലെ ചട്ടം 125(a) പ്രകാരം അനുവദനീയമായ ജോയിനിംഗ് സമയത്തെ മറികടക്കാത്ത പക്ഷം, ഡ്യൂട്ടിയായി കണക്കാക്കാവുന്നതാണ്. എന്നാൽ, കെ.എസ്.ആർ ഭാഗം I ലെ ചട്ടം 137 ന് ചുവടെയുള്ള സർക്കാർ തീരുമാനം പ്രകാരം പ്രവേശന കാലം കഴിഞ്ഞും ജോലിയിൽ പ്രവേശിക്കാതിരിക്കുന്ന കാലയളവ് അർഹതപ്പെട്ട അവധി ആയി മാത്രമേ

ക്രമീകരിക്കാനാവൂ. ഡോ.ജാലിസാ ബീവി നിയമനത്തിനായി കാത്തിരുന്ന കാലയളവിൽ ടിയാൾക്ക് നിയമനം നല്കി കൊണ്ട് രണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. തൊടുപുഴയിൽ നിയമനം നല്കി കൊണ്ടുള്ള 29.04.2019-ലെ ഉത്തരവും പാലക്കാട് നിയമനം നല്കി കൊണ്ടുള്ള 01.08.2019 ഉത്തരവും. 29.04.2019 ഉത്തരവ് 02.05.2019-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) 28.01.2023 തീയതിയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ ചാർജെടുത്തിരുന്നില്ല. 01.08.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07.08.2019 നാണ് ചാർജെടുത്തിട്ടുള്ളത്. 01.03.2019 മുതൽ 02.05.2019 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് ടി കാലയളവ് കഴിഞ്ഞയുടൻ തിരികെ ജോലിയിൽ പ്രവേശിക്കണമായിരുന്നു. മേൽ രണ്ടു നിയമന സാഹചര്യങ്ങളിലും ടിയാൾ അനുവദനീയമായ പ്രവേശന കാലം മറികടന്നതിനാൽ ഡോ.ജാലിസാ ബീവി നിയമനത്തിനായി കാത്തിരുന്ന 01.03.2019 മുതൽ 06.08.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം,/ഇടുക്കി / പാലക്കാട്.
ഡോ.ജാലിസാ ബീവി.എ., കൺസൾട്ടന്റ് ജനറൽ മെഡിസിൻ(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 27-06-2023 12:58:09

മേലെഴുത്ത് നം. ഇ.എ1-6768/2023/ആ.വ.ഡ, തീയതി 5.7.23
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.